"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - കാസർഗോഡ് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഇൻഡോർ സന്ദർശനം നടത്തുന്നതിന് അംഗങ്ങൾക്ക് വിമാനയാത്രാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2329/2023/LSGD തീയതി,തിരുവനന്തപുരം, 24-11-2023

---

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03/11/2023ലെ 5820/എ/2023/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് ഇൻഡോറിലെ മാലിന്യ സംസ്കരണ പദ്ധതികൾ നേരിട്ട് കാണുന്നതിനും സാങ്കേതിക വിദ്യകളെ കുറിച്ച് മനസിലാക്കുന്നതിനും കാസർഗോഡ് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിലുള്ള ചുവടെ പട്ടികയിൽ ഉൾപ്പെട്ട സംഘത്തിന് 25/11/2023ന് ഇൻഡോറിലേക്കും , തിരികെയും വിമാനയാത്ര ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നം. | പേര് | പദവി |
|---|---|---|
| 1 | ശ്രീമതി.ബേബി ബാലകൃഷ്ണൻ | പ്രസിഡന്റ് കാസർഗോഡ് ജില്ലാ പഞ്ചായത്ത് & ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ |
| 2 | ശ്രീ. ഷാനവാസ് പാദൂർ | വൈസ് പ്രസിഡന്റ്, കാസർഗോഡ് ജില്ലാ പഞ്ചായത്ത് |
| 3 | ശ്രീ. സജീവാ പി.കെ | സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത് |
| 4 | ശ്രീമതി. സുജാത കെ.വി | മുനിസിപ്പൽ ചെയർപേഴ്സൺ, കാഞ്ഞങ്ങാട് |
| 5 | ശ്രീ.മാധവൻ മണിയറ | പ്രസിഡന്റ്, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് |
| 6 | ശ്രീ ഖാദർ ബദരിയ | പ്രസിഡന്റ്, ചെങ്കള ഗ്രാമപഞ്ചായത്ത് |
| 7 | ശ്രീമതി.ജീൻ ലവീന മോന്തേരോ | പ്രസിഡന്റ്, മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത് |
| 8 | ശ്രീമതി.ഫാത്തിമത്ത റുബീന ആർ | പ്രസിഡന്റ്, മംഗൽപ്പാടി ഗ്രാമ പഞ്ചായത്ത് |
| 9 | ശ്രീ.രാജേഷ് | ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ് |
| 10 | ശ്രീമതി.ലക്ഷ്മി എ | ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ, കാസർഗോഡ് |
| | | |

| | | |
|---|---|---|
| 11 | ശ്രീ.കെ.ബാലകൃഷ്ണൻ | നവകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് ഇൻഡോറിലെ മാലിന്യ സംസ്കരണ പദ്ധതികൾ നേരിട്ട് കാണുന്നതിനും സാങ്കേതിക വിദ്യകളെ കുറിച്ച് മനസിലാക്കുന്നതിനും കാസർഗോഡ് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിലുള്ള മേൽ പട്ടികയിൽ ഉൾപ്പെട്ട സംഘത്തിന് 25/11/2023 ന് ഇൻഡോറിലേക്കും , തിരികെയും വിമാനയാത്ര ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. ഇതു സംബന്ധിച്ച യാത്രാ ചെലവ് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഐ.ഇ.സി. ഘടകത്തിൽ നിന്നും ശുചിത്വ മിഷൻ വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തികൾക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/168/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 25-11-2023 11:12:32